# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.02.2025** **TIME :** 07.25 **PM**

## പ്രധാന വാർത്തകൾ

1) പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധിയുടെ 19-ാാം ഗഡു വിതരണം തിങ്കളാഴ്ച ആരംഭിക്കും. ബിഹാറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.
Prime Minister Narendra Modi will release the 19th installment of the Pradhan Mantri Kisan Samman Nidhi on Monday in Bihar.

2) കേരളത്തിൽ വ്യവസായം ആരംഭിക്കാനുള്ള അനുമതികളിൽ കാലതാമസമുണ്ടാകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി കൊച്ചിയിൽ പുരോഗമിക്കുന്നു.
Chief Minister Pinarayi Vijayan says that there will be no delay in approvals to start industries in Kerala. The Invest Kerala Global Summit is underway in Kochi.

3) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കേരളത്തിന് കേന്ദ്രസർക്കാർ എല്ലാ പിന്തുണയും നൽകുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.
Union Minister Nitin Gadkari says that the central Government will provide all support to Kerala to improve infrastructure.

4) ഇന്ത്യ നൽകുന്ന നിക്ഷേപ അവസരങ്ങളും വൈദഗ്ധ്യവും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ആഗോള നിക്ഷേപകരോട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ.

Union Commerce and Industry Minister Piyush Goyal has asked global investors to make maximum use of the investment opportunities and expertise offered by India.

5) വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ചൈനീസ് വിദേശകാര്യമന്ത്രിയുമായി ജോഹന്നാസ്ബർഗിൽ കൂടിക്കാഴ്ച നടത്തി.

External Affairs Minister S Jaishankar meets the Chinese Foreign Minister in Johannesburg.

6) രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ പ്രവേശിച്ച് കേരളം. ഐഎസ്എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ബംഗളൂരു FC പോരാട്ടം.

Kerala enters the Ranji Trophy cricket final. NorthEast United - Bengaluru FC battle in ISL football.

*************

## SHIVRAJ - PM KISAN (INTRO)

പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധിയുടെ 19-ാം ഗഡു വിതരണം തിങ്കളാഴ്ച ആരംഭിക്കും. ബീഹാറിലെ ഭഗൽപൂരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിതരണോദ്ഘാടനം നിർഹിക്കും. ഭൂ ഉടമകളായ കർഷകർക്ക് മൂന്ന് തുല്യ ഗഡുക്കളായി പ്രതിവർഷം ആറായിരം രൂപ നൽകുന്ന പദ്ധതിയാണ് പിഎം-കിസാൻ സമ്മാൻ നിധി. ചെറുകിട കർഷകരുടെ ജീവിതത്തിൽ കാതലായ മാറ്റം വരുത്തിയ പദ്ധതി പ്രകാരം ഇതുവരെ ആകെ മൂന്ന് ലക്ഷത്തി 46 ആയിരം കോടി രൂപ വിതരണം ചെയ്യതായി ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************

## EVE PM AKHIL BHARTIYA MARATHI SAHITYA SAMMELAN

ന്യൂഡൽഹിയിലെ വിജ്ഞാന് ഭവനിൽ സംഘടിപ്പിച്ച 98-ാമത് അഖില ഭാരതീയ മറാത്തി സാഹിത്യ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ വിവിധ പാനൽ ചർച്ചകൾ, പുസ്തക പ്രദർശനങ്ങൾ, സാംസ്കാരിക പ്രകടനങ്ങൾ തുടങ്ങിയവ ഇതോടനുബന്ധിച്ച നടക്കും. ക്ലാസിക്കൽ പദവി നേടിയ മറാത്തി ഭാഷയുടെ സവിശേഷതകൾ വ്യക്തമാക്കുന്ന പ്രതീകാത്മക സാഹിത്യ ട്രെയിൻ യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്.

*************

## INVEST KERALA SUMMIT-CM

ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി കൊച്ചിയിൽ പുരോഗമിക്കുന്നു. നിക്ഷേപ രംഗത്ത് ചരിത്രപരമായ മുന്നേറ്റങ്ങളാണ് കേരളത്തിൽ ഉണ്ടാകുന്നതെന്ന് ഉച്ചകോടി ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാനുള്ള അനുമതികളിൽ കാലതാമസമുണ്ടാകില്ലെന്നും സംസ്ഥാനത്തെ നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************

## INVEST KERALA SUMMIT

ഇന്ത്യ നൽകുന്ന നിക്ഷേപ അവസരങ്ങളും വൈദഗ്ധ്യവും പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ആഗോള നിക്ഷേപകരോട് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം നാല് ട്രില്യൺ യുഎസ് ഡോളറിൽ നിന്നും വരും

വർഷങ്ങളിൽ 35 ട്രില്യൺ ഡോളറായി വളരും. വളർച്ചയ്ക്കും വികസനത്തിനും മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾക്കും സമാനതകളില്ലാത്ത അവസരമാണ് ഇന്ത്യ നൽകുന്നതെന്നും ശ്രീ പീയുഷ് ഗോയൽ പറഞ്ഞു. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സഹകരണ ഫെഡറലിസത്തിന്റെയും സഹകരണത്തിന്റെയും പാതയാണ് രാജ്യം സ്വീകരിച്ചിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

*************

## NITIN GADKARI (INTRO)

കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്ന 31 പുതിയ പദ്ധതികൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ ഓൺലൈനായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പാലക്കാടിനെയും കോഴിക്കോടിനേയും ബന്ധിപ്പിക്കുന്ന റോഡ്, വടക്കൻ കേരളത്തെ, കോയമ്പത്തൂരിലെ വ്യവസായ മേഖലയുമായി ബന്ധിപ്പിക്കുന്ന പാത, തിരുവനന്തപുരം ഔട്ടർ റിങ് റോഡ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************

## JAISHANKAR- CHINESE FM

കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തി. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടക്കുന്ന ജി 20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിടെയായിരുന്നു കൂടിക്കാഴ്ച. ഉഭയകക്ഷി ബന്ധത്തിലെ സംഭവവികാസങ്ങൾ, പ്രത്യേകിച്ച് അതിർത്തി പ്രദേശങ്ങളിലെ ശാന്തിയും സമാധാനവും നിലനിർത്തുന്നതിനുള്ള നടപടികൾ എന്നിവയെ സംബന്ധിച്ച് ഇരു നേതാക്കളും ആശയവിനിമയം നടത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് ന്യൂഡൽഹിയിൽ പറഞ്ഞു. കൈലാസ് മാനസരോവർ യാത്ര, നേരിട്ടുള്ള വിമാന കണക്റ്റിവിറ്റി

പുനരാരംഭിക്കൽ, യാത്രാ സൗകര്യം എന്നിവ യോഗത്തിൽ ചർച്ചയായി.

*************

## SHAH – WESTERN COUNCIL

മഹാരാഷ്ട്രയിലെ പൂനെയിൽ നാളെ നടക്കുന്ന പശ്ചിമ മേഖല കൗൺസിലിന്റെ 27-ാമത് യോഗത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര സംസ്ഥാനങ്ങളും ദാദ്ര, നാഗർ ഹവേലി, ദാമൻ, ദിയു എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പശ്ചിമ മേഖല കൗൺസിൽ. അടിസ്ഥാന സൗകര്യം, ഖനനം, പരിസ്ഥിതി, വനം , ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ, പ്രാദേശിക തലത്തിൽ പൊതു താൽപ്പര്യമുള്ള വിഷയങ്ങൾ എന്നിവ കൗൺസിൽ ചർച്ച ചെയ്യും.

*************

## KRISHI VIGYAN MELA

കാർഷിക ഗവേഷണ കൗൺസിൽ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ പുസ കൃഷി വിജ്ഞാനമേള - 2025 കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ മുൻ നിര കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കർഷക ഉൽപാദക സംഘടനകൾ, സംരംഭകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങളും സേവനങ്ങളും സാങ്കേതികവിദ്യകളും മേളയിൽ പ്രദർശിപ്പിക്കും.

*************

## IDEX, NAVDEX 2025

യുഎഇ പ്രതിരോധ മന്ത്രാലയത്തിൻ്റെയും തവാസുൻ കൗൺസിലിൻ്റെയും സഹകരണത്തോടെ ADNEC ഗ്രൂപ്പ് അബുദാബിയിൽ സംഘടിപ്പിച്ച IDEX, NAVDEX 2025 പ്രതിരോധ പ്രദർശനങ്ങൾക്ക് ഇന്ന് സമാപനം. അന്താരാഷ്ട്ര പ്രതിരോധ സഹകരണം വളർത്തുന്നതിനുള്ള നിർണായക വേദിയായി പ്രദർശനം മാറി. അഞ്ച് ദിവസത്തെ പരിപാടിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിരോധ മേഖലയിലെ ഉദ്യോഗസ്ഥരും

വ്യവസായ പ്രമുഖരും പങ്കെടുത്തു. അത്യാധുനിക യുദ്ധക്കപ്പലുകൾ, മിസൈൽ സംവിധാനങ്ങൾ, നൂതന യുദ്ധോപകരണങ്ങൾ, ഇലക്ട്രോണിക് യുദ്ധസംവിധാനങ്ങൾ, AI- അധിഷ്ഠിത പ്രതിരോധ പരിഹാരങ്ങൾ എന്നിവയുൾപ്പെടെ അത്യാധുനിക പ്രതിരോധ സാങ്കേതിക വിദ്യകൾ ഇന്ത്യൻ പവലിയനിൽ പ്രദർശിപ്പിച്ചിരുന്നു.

*************

## Ranji Trophy

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ചരിത്രനേട്ടം കുറിച്ച് കേരളം. സെമി ഫൈനലിൽ ഗുജറാത്തിനെതിരെ ഉജ്വല പ്രകടനം കാഴ്ചവച്ച് കേരളം ഇതാദ്യമായി ഫൈനലിൽ പ്രവേശിച്ചു. കേരളം ഉയർത്തിയ 457 റൺസിൻറെ ആദ്യ ഇന്നിങ്സ് സ്കോർ പിന്തുടർന്ന ഗുജറാത്ത് 455 ന് പുറത്തായിരുന്നു. രണ്ടാം ഇന്നിങ്സിൽ കേരളം 4 വിക്കറ്റിൽ 114 റൺസ് എന്ന നിലയിൽ നിൽക്കുമ്പോൾ ഇരു ക്യാപ്റ്റന്മാരും സമനിലയ്ക്ക് സമ്മതിക്കുകയായിരുന്നു. ഒന്നാം ഇന്നിങ്സിൽ പുറത്താവാതെ 177 റൺസ് നേടിയ മുഹമ്മദ് അസറുദ്ദീനാണ് കളിയിലെ താരം. ബുധനാഴ്ച ആരംഭിക്കുന്ന ഫൈനലിൽ കേരളം വിദർഭയെ നേരിടും.

*************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ബംഗളൂരു FC പോരാട്ടം. ഷില്ലോങ്ങിലാണ് മത്സരം നടക്കുന്നത്. കേരളാ ബ്ലാസ്റ്റേഴ്സും എഫ് സി ഗോവയും തമ്മിലാണ് നാളെത്തെ മത്സരം

*************

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്നത്തെ മത്സരം റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും മുംബൈ ഇന്ത്യൻസും തമ്മിൽ. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ മുംബൈ ബൗളിംഗ് തിരഞ്ഞെടുത്തു.

*************

## GUJ- ACCIDENT

ഗുജറാത്തിലെ കച്ച് ജില്ലയിൽ ഭുജ് മുന്ദ്ര റോഡിലുണ്ടായ വാഹനാപകടത്തിൽ ഏഴ് പേർ മരിച്ചു. പരിക്കേറ്റ നാല് പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 40 പേരുമായി പോയ സ്വകാര്യ ബസ് ട്രക്കുമായി കൂട്ടിയിടിച്ചതിനെ തുടർന്നാണ് അപകടമുണ്ടായത്.

*************

## DELHI ASSEMBLY SESSION

ഡൽഹി നിയമസഭാ സമ്മേളനം തിങ്കളാഴ്ച മുതൽ ആരംഭിക്കും. മൂന്ന് ദിവസമാണ് സഭ ചേരുന്നത്. സ്പീക്കർ , ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പും സഭയിൽ ആദ്യ അജണ്ടയായി സിഎജി റിപ്പോർട്ടും അവതരിപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിനെ രാഷ്ട്രപതി ഭവനിൽ ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത ഇന്ന് സന്ദർശിച്ചു.

*************

## MAHAKUMBH

പ്രയാഗ്‌രാജിലെ മഹാകുംഭമേള വിശ്വാസത്തിൻ്റെയും സംസ്കാരത്തിൻ്റെയും ആത്മീയതയുടെയും സംഗമമാണെന്ന് ദൂരദർശൻ ഡയറക്ടർ ജനറൽ കാഞ്ചൻ പ്രസാദ് പറഞ്ഞു. മേളയുടെ സെക്ടർ 4 ലെ കുംഭവാണീ റേഡിയോയിലൂടെ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കുംഭമേളയുടെ സന്ദേശം എല്ലാവരിലേക്കും എത്തിക്കുന്നതിനുള്ള മഹനീയമായ പ്രവർത്തനമാണ് കുംഭവാണി നിർവഹിക്കുന്നതെന്ന് ശ്രീ കാഞ്ചൻ പ്രസാദ് അഭിപ്രായപ്പെട്ടു.

*************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻ കി ബാത്തിൻറെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ നിലയങ്ങളിലൂടെ പരിപാടി ലഭ്യമാക്കും.

*************

## MEA-BRIEFING

യു എസ് ധനസഹായത്തെക്കുറിച്ചുള്ള സമീപകാല പ്രസ്താവനകൾ ആശയ കുഴപ്പം സൃഷ്ടിക്കുന്നതായും രാജ്യത്തിൻറെ ആഭ്യന്തര കാര്യങ്ങളിൽ വിദേശ ഇടപെടലുകൾ ഉണ്ടാകുമെന്ന ആശങ്കയ്ക്ക് ഇടയാക്കുന്നതായും വിദേശകാര്യ മന്ത്രാലയം. ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളും ഈ വിഷയം പരിശോധിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. യു എസ് ധനസഹായത്തെക്കുറിച്ചുള്ള പ്രസിഡന്റ് ഡൊണൾഡ് ട്രംപിന്റെ പരാമർശത്തെ സംബന്ധിച്ച ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം

*************

*********

******